LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ നടപടി

17 (7853) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ അനുവദിക്കാനാവില്ലെന്ന ദേശീയ ലോഡ് ഡെസ്പാച്ച് സെന്ററിന്റെ തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ദേശീയ ലോഡ് ഡെസ്പാച്ച് സെന്റർ ഇപ്രകാരം തീരുമാനമെടുക്കുവാനുള്ള കാരണം എന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ സ്ഥാപിക്കാനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി പുറത്തുനിന്ന് എത്തിക്കുവാൻ ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാജ്യത്തെ മറ്റ് മേഖലകളിൽ നിന്ന് ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ടി കാരണത്താൽ സംസ്ഥാനത്തിന്റെ പുറത്തുനിന്ന് ഏകദേശം 1500 മെഗാവാട്ടോളം വൈദ്യുതി വാങ്ങുന്നതിന് വിവിധ വ്യാപാരികളും ഉല്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. ടി കാരണത്താൽ ദക്ഷിണേന്ത്യയിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയും സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ KDPP, NTPC തുടങ്ങിയവയിൽനിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ചുമാണ് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്. കൂടാതെ കാലവർഷം നാളിതുവരെ ശക്തി പ്രാപിക്കാത്തതിനാൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

(ബി & സി) ഷോർട്ട് ടേം ഓപ്പൺ അക്സസ് അനുവദിക്കുന്നത് NLDC-യും അതിന്റെ അനുബന്ധ സ്ഥാപനമായ SRLDC-യുമാണ്. ടി ഏജൻസികൾ, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ Short Term Open Access അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമല്ല ഓപ്പൺ അക്സസ് നിലവിൽ അനുവദിക്കുന്നതെന്നും കേന്ദ്ര കമ്മീഷന്റെ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ടി ഏജൻസികൾക്ക് നൽകണമെന്നും വൈദ്യുതി ബോർഡ് കേന്ദ്ര കമ്മീഷനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് case 1 bid വഴി തെരഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ് സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കാറുമുണ്ട്.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിന് വിദേശ സാങ്കേതിക സഹായം

18 (7854) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതികസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം സാങ്കേതിക സഹായം ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ബോർഡിനുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതിക സഹായം നേരിട്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.-യുടെ പാർട്ട്-എ ടെണ്ടർ വിളിച്ച് അവാർഡ് ചെയ്തത് കെപ്കോ കെ.ഡി.എൻ (KEPCO KDN) എന്ന കൊറിയൻ കമ്പനിക്കാണ്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly